I ഇ.ബി. XIII – കേരള നിയമസഭ/II-3

# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2011 സെപ്റ്റംബർ 28, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**അടിയന്തരപ്രമേയം**

**കാർഷിക വികസനബാങ്ക് ഭരണ സമിതികൾ പിരിച്ചുവിട്ട നടപടി**

മി. സ്പീക്കർ: സംസ്ഥാനത്തെ പതിനേഴ് താലൂക്കുകളിലെ കാർഷിക വികസന ബാങ്കുകളുടെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളെ ഓർഡിനൻസിലൂടെ പിരിച്ചുവിട്ടുകൊണ്ട് സ്പെഷ്യൽ ഓഫീസർമാരെ നിയോഗിക്കുകയും 12 വർഷമായി പ്രവർത്തിച്ചുവരുന്ന സംഘങ്ങളുടേതുൾപ്പെടെ രജിസ്ട്രേഷൻ റദ്ദുചെയ്യുകയും ചെയ്തതുമൂലം കർഷകർക്ക് വായ്പാ സൗകര്യം തടസ്സപ്പെടുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഇ.പി. ജയരാജൻ, വി.എസ്. സുനിൽ കുമാർ, സി.കെ. നാണു, എ.എ. അസീസ്, എ.കെ.

ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): 01-01-2000-ത്തിൽ പ്രാബല്യത്തിൽ വന്ന കേരള സഹകരണ നിയമത്തിന്റെ ഭേദഗതിയിൽ പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകളുടെ പ്രവർത്തന പരിധി ഒരു താലൂക്കായി നിജപ്പെടുത്തുകയും ഒന്നിലധികം താലൂക്കുകൾ പ്രവർത്തന പരിധിയിലുള്ള ബാങ്കുകൾ ആറ് മാസത്തിനകം അവയുടെ പ്രവർത്തനപരിധി ഒരു താലൂക്കായി നിജപ്പെടുത്തണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ പ്രസ്തുത നിയമവ്യവസ്ഥ പല ബാങ്കുകളും പാലിക്കാതിരിക്കുകയും പത്ത് ബാങ്കുകൾ അവയുടെ പ്രവർത്തന പരിധിയിലുള്ള താലൂക്കുകളിൽ പുതുതായി ബാങ്കുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തു. നിയമവിരുദ്ധമായി ബാങ്കുകൾ രജിസ്റ്റർ ചെയ്ത നടപടി അസാധുവാക്കുകയും ഈ ബാങ്കുകളുടെ ഭരണസമിതികൾ സാധുവല്ലാതായി പ്രഖ്യാപിച്ചുകൊണ്ട് കേരള സഹകരണ നിയമത്തിന്റെ 28-ാം വകുപ്പിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിക്കുകയും ചെയ്തു. മേൽപ്പറഞ്ഞ പത്ത് ബാങ്കുകളിൽ കുട്ടനാട്, കൊച്ചി, കൊടുങ്ങല്ലൂർ, സുൽത്താൻബത്തേരി, റാന്നി എന്നീ അഞ്ച് ബാങ്കുകളാണ് വായ്പ നൽകിയിരുന്നത്. ഈ ബാങ്കുകളിൽ നിന്ന് കർഷകർക്ക് വായ്പ ലഭിക്കുന്നതിന് പ്രയാസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതിനും വായ്പ ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ഇ.പി. ജയരാജൻ:</u> സംസ്ഥാന കാർഷിക വികസന ബാങ്ക് കെടുകാര്യസ്ഥതയുടെ കേന്ദ്രമായിരുന്നു. 2009-ൽ നടന്ന തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. അധികാരത്തിൽ വരുമെന്നുകണ്ടപ്പോൾ അഞ്ച് ബാങ്കുകൾക്കെതിരായി യു.ഡി.എഫ്. കോടതിയെ സമീപിച്ചു. സുൽത്താൻ ബത്തേരി, കൊടുങ്ങല്ലൂർ, കുട്ടനാട് എന്നീ മൂന്ന് ബാങ്കുകളുടെ കാര്യത്തിൽ വോട്ട് പ്രത്യേക പെട്ടിയിൽ നിക്ഷേപിക്കാനും പിന്നീട് അതിന്റെ ഫലം പരിശോധിച്ച് പ്രഖ്യാപിക്കാനും കോടതി തീരുമാനിച്ചു. അവിടെ എൽ.ഡി.എഫ്. അധികാരത്തിൽ വരികയും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ബാങ്കിനെ ലാഭകരമാക്കുകയും ചെയ്തു. സംഘാംഗങ്ങൾക്ക് ഡിവിഡന്റ് കൊടുക്കാനുള്ള തീരുമാനത്തെ ഗവൺമെന്റ് തടസ്സപ്പെടുത്തുകയും ബാങ്കിന്റെ ഭരണം പിടിച്ചെടുക്കാൻ നിയമം ദുരുപയോഗപ്പെടുത്തിക്കൊണ്ട് ഒരു ഓർഡിനൻസ് ഇറക്കുകയുമാണ് ഈ ഗവൺമെന്റ് ചെയ്തത്. പന്ത്രണ്ട് വർഷക്കാലമായി സഹകരണ നിയമമനുസരിച്ച് രജിസ്ട്രേഷൻ ലഭിച്ച് പ്രവർത്തിക്കുന്ന സംഘങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്ത് പ്രത്യേക ഓർഡിനൻസ് പ്രകാരം ഇപ്പോൾ സ്പെഷ്യൽ ഓഫീസറെ അധികാരം ഏൽപ്പിച്ചിരിക്കുകയാണ്. നിലവിലുള്ള ഭരണസമിതിക്കെതിരെ അവിശ്വാസ പ്രമേയം കൊണ്ടുവരാമെന്നിരിക്കെ അതിന് ശ്രമിക്കാതെ ഒരു എം.ഡി.യെ അധികാരപ്പെടുത്തുകയും വോട്ടവകാശമില്ലാത്ത സഹകരണ സംഘം രജിസ്ട്രാറെയും അഡീഷണൽ സെക്രട്ടറിയെയും നിയമിക്കുകയും ചെയ്തിരിക്കുകയാണ്. ഇടതുപക്ഷ ഭരണ സമിതിയെ നിയമത്തിന്റെ മുമ്പിൽ ദുർബലപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ രജിസ്ട്രാറും എം.ഡി.യും യു.ഡി.എഫ്. ഭരണസമിതി അംഗങ്ങളും പ്രത്യേകം യോഗം ചേർന്ന്

അധികാരമുപയോഗിച്ച് ഓർഡിനൻസ് ഇറക്കുകയും നിയമം പാസ്സാക്കുകയുമാണ് ചെയ്യുന്നത്. പന്ത്രണ്ട് വർഷങ്ങളായി നല്ല രീതിയിൽ പ്രവർത്തിച്ചുവന്നിരുന്ന 17 കാർഷിക വികസന ബാങ്കുകളുടെ ലൈസൻസ്, ആസ്തി ബാദ്ധ്യതകൾ പങ്കുവച്ചില്ലെന്ന കാരണത്താൽ റദ്ദ് ചെയ്തിരിക്കുക യാണ്. പുതിയ സഹകരണ സംഘങ്ങൾ രൂപീകരിക്കുമ്പോൾ ഒരു സഹകരണ സംഘത്തിലും ഈ വ്യവസ്ഥ പാലിക്കപ്പെടുന്നില്ല. സഹകരണ ജനാധിപത്യം തകർക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. അധികാര ദുർവിനിയോഗം നടത്തി ഭൂരിപക്ഷമുള്ള സഹകരണ സംഘങ്ങളെ പിരിച്ചുവിടുകയും ബാങ്കിംഗ് വ്യവസായത്തെ തകർക്കുകയും ചെയ്യുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണം.

സഹകരണ വകുപ്പുമന്ത്രി <u>(ശ്രീ. സി.എൻ. ബാലകൃഷ്ണൻ)</u> : അസ്സെറ്റ്സ് ആന്റ് ലയബിലിറ്റീസ് ഫിക്സ് ചെയ്തു മാത്രമേ പുതിയ സൊസൈറ്റികൾ തുടങ്ങാൻ സാധിക്കുകയുള്ളൂ എന്ന നിയമം നിലവിലുള്ള തിനാൽ ഈ ഓർഡിനൻസ് നിയമവിധേയമാണ്. ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u> : നബാർഡിന്റെ ഗൈഡ്‌ലൈൻ അനുസരിച്ച് പ്രവർത്തിക്കാത്ത ബാങ്കുകളുടെ ലൈസൻസാണ് ഗവൺമെന്റ് റദ്ദ് ചെയ്തത്. അസ്സറ്റ്സ് ആന്റ് ലയബിലിറ്റീസ് വീതംവയ്ക്കാതെ പ്രവർത്തിക്കുന്നതിനെ ഒരു സ്റ്റേജിലും നബാർഡ് അംഗീകരിച്ചിട്ടില്ലെന്നാണ് വിവരം ലഭിച്ചിട്ടുള്ളത്. ഇതിന്റെ പേരിലാണ് നടപടികൾ വന്നിരിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷി നേതാക്കന്മാരായ സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ.എ. അസീസ്, തോമസ് ചാണ്ടി എന്നീ അംഗങ്ങൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭ വിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരാകുകയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) പരമ്പരാഗത മേഖലകളിൽ ജോലി ചെയ്യുന്നവർക്കുള്ള സാമ്പത്തിക താങ്ങൽ പദ്ധതി

ശ്രീ. പി.കെ. ഗുരുദാസൻ : കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലകളിൽ പണിയെടുക്കുന്ന 10 ലക്ഷത്തിലധികം വരുന്ന തൊഴിലാളി കൾക്കുവേണ്ടി ഓരോ വർഷവും ഒരു നിശ്ചിത തുക മിനിമം കൂലി ലഭിക്കുന്ന തിന് സഹായകരമായ നിലയിൽ കഴിഞ്ഞ ഗവൺമെന്റ് 2010-11 സാമ്പത്തിക വർഷാവസാനം ഒരു ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുകയും ഇതിനുവേണ്ടി 80 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്കീം സാമ്പത്തികവർഷാവസാനം നടപ്പിലാക്കിയതിന്റെ ഫലമായി മുഴുവൻ തുകയും വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിന്റെ ഇംപ്ലിമെന്റിംഗ് ഏജൻസി ലേബർ ഡിപ്പാർട്ടുമെന്റാണ്. ഈ തുക ചെലവഴിക്കുന്നത് സംബന്ധിച്ച് ഒരു പദ്ധതിയും ഇതുവരെ നടപ്പിലാക്കിയിട്ടില്ല. കഴിഞ്ഞ വർഷം ഖാദി മേഖലയിൽ 8 കോടി രൂപ ചെലവഴിക്കുകയും കയർ മേഖലയിൽ 20 കോടി രൂപ ചെലവഴിക്കുന്നതി

നാവശ്യമായ പദ്ധതി തയ്യാറാക്കി പ്രസ്തുത തുക ട്രഷറിയിൽ നിക്ഷേപിക്കുകയും ചെയ്തു. അതിൽനിന്നും ഗണ്യമായ ഭാഗം കയർ സംഭരിക്കുന്നതിനും മറ്റുമായി കയർ ഫെഡ് ചെലവഴിക്കുകയുണ്ടായി. മത്സ്യത്തൊഴിലാളി സമാശ്വാസ പദ്ധതിക്കുവേണ്ടി അനുവദിച്ച 10 കോടി രൂപ ചെലവഴിക്കാൻ നടപടി സ്വീകരിക്കണം. പരമ്പരാഗത വ്യവസായ മേഖലയ്ക്കായി അനുവദിച്ച 80 കോടി രൂപയ്ക്ക് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നൽകി പദ്ധതി ആരംഭിക്കണം. പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന 10 ലക്ഷം തൊഴിലാളികൾക്ക് 1,250 രൂപ പ്രതിവർഷം ലഭ്യമാകുന്ന പദ്ധതിയാണിത്. 25,000 രൂപയോ അതിൽ താഴെയോ വരുമാനമുള്ള തൊഴിലാളികൾക്കുവേണ്ടി വിഭാവനം ചെയ്തിട്ടുള്ള പദ്ധതി പരമ്പരാഗത മേഖലയിൽ നടപ്പിലാക്കണം. കയർ മേഖലയ്ക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ അവസാനനാളുകളിൽ അനുവദിച്ച 20 കോടി രൂപയും മത്സ്യമേഖലയ്ക്ക് അനുവദിച്ച 10 കോടി രൂപയും ചെലവഴിക്കാൻ നടപടി സ്വീകരിക്കണം. ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുമായി പ്രസ്തുത വിഷയം ചർച്ച ചെയ്ത് ഇംപ്ലിമെന്റിംഗ് ഏജൻസി എന്ന നിലയിൽ തൊഴിൽ വകുപ്പ് സാമ്പത്തിക താങ്ങൽ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : കഴിഞ്ഞ ഗവൺമെന്റ് സാമ്പത്തിക താങ്ങൽ പദ്ധതിക്കായി ഫിഷറീസ്, കയർ വികസനം, വാണിജ്യ-വ്യവസായം എന്നീ വകുപ്പുകൾക്കായി അനുവദിച്ച 50 കോടി രൂപയിൽ ഫിഷറീസ് വകുപ്പിനായി

അനുവദിച്ച 10 കോടി രൂപ ചെലവഴിച്ചിട്ടില്ല. ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള 80 കോടി രൂപയിൽ 32.23 കോടി രൂപ കേന്ദ്ര ധനസഹായ മാണ്. ഇപ്പോൾ വിവിധ ഡിപ്പാർട്ട്മെന്റുകൾക്കായി 50 കോടി രൂപയുടെ പ്രോജക്ടുകൾ തന്നിട്ടുള്ളത് പൂർണ്ണമായി വിനിയോഗിക്കാൻ കഴിയു മെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. മിനിമം വേജസ് നടപ്പിലാക്കാൻ ശേഷിയില്ലാത്ത മേഖലകളിൽ നൽകാനാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തീരുമാനിച്ചിരുന്നതെങ്കിലും 1,250 രൂപ പരമ്പരാഗത മേഖലയിലുള്ള വർക്ക് നൽകാമെന്ന നിലയിലുള്ളതാണ് ഇപ്പോഴത്തെ പ്രൊപ്പോസൽ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച പ്രസ്തുത പദ്ധതി അതിന്റെ ഉദ്ദേശശുദ്ധിയോടെതന്നെ നടപ്പിലാക്കുന്നതാണ്.

## (2) <u>മാലിന്യസംസ്ക്കരണം</u>

<u>ശ്രീ. സി. എഫ്. തോമസ്</u> : കേരളം അഭിമുഖീകരിക്കുന്ന മാലിന്യ സംസ്ക്കരണ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി മാലിന്യമുക്ത കേരളം പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ച ഗവൺമെന്റിനെ അഭിനന്ദിക്കു ന്നു. പൊതുവായും ശുചിത്വമിഷൻ വഴിയും ഗ്രാമപ്രദേശങ്ങളിലും നഗര പ്രദേശങ്ങളിലും മാലിന്യ സംസ്ക്കരണത്തിന് ഏർപ്പെടുത്തുന്ന സംവിധാ നങ്ങളെക്കുറിച്ചും ചെലവുകളെക്കുറിച്ചും വ്യക്തത വേണം. ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിൽ മാലിന്യ സംസ്ക്കരണത്തിനാവശ്യമായ സംവിധാന ങ്ങൾ ഏർപ്പെടുത്താൻ നടപടിയുണ്ടാകണം. ജൈവ-ജൈവേതര മാലിന്യ ങ്ങൾ വേർതിരിച്ചെടുക്കുന്നതിനാവശ്യമായ തൊഴിലാളികളെ താൽക്കാ ലികാടിസ്ഥാനത്തിലെങ്കിലും നിയമിക്കാൻ അനുവാദം നൽകാനും

സാമ്പത്തിക സഹായം നൽകാനും നടപടിയുണ്ടാകണം. മാലിന്യ സംസ്ക്കരണം സംബന്ധിച്ച് പ്രത്യേകമായ വൈഷമ്യങ്ങൾ നേരിടുന്ന പഞ്ചായത്ത്/മുനിസിപ്പാലിറ്റികളുടെ പ്രശ്നങ്ങൾ പരിഹരിക്കണം. ജൈവേതര മാലിന്യങ്ങൾ സംസ്ക്കരിക്കാൻ സംവിധാനം ഏർപ്പെടുത്തണം. പ്ലാസ്റ്റിക്കിന് പകരം സംവിധാനമുണ്ടാക്കാനും പേപ്പർ ബാഗുകളും മറ്റും നിർമ്മിക്കുന്നവർക്ക് പ്രോത്സാഹനം നൽകാനും നടപടി സ്വീകരിക്കണം. പ്ലാസ്റ്റിക് കൂടി ഉപയോഗിച്ച് റോഡ് ടാറിംഗ് നടത്താനുള്ള സംവിധാനം ഉണ്ടാക്കണം. മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സമയ ബന്ധിതമായി മുന്നോട്ട് കൊണ്ടുപോവുകയും ഈ വിഷയത്തിന്മേൽ ഗവൺമെന്റിന് ലഭിക്കുന്ന നിവേദനങ്ങൾ പ്രത്യേക പരിഗണന നൽകി പരിഹരിക്കുകയും ചെയ്യണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): ഈ വിഷയം സംബന്ധിച്ച ഒരു പ്രൊപ്പോസൽ ഇന്നലത്തെ ക്യാബിനറ്റിൽ പരിഗണിച്ചതനുസരിച്ച് സഭാംഗങ്ങൾക്കു കൂടി അഭിപ്രായം പറയാൻ അവസരം കൊടുക്കുന്നതിനുവേണ്ടി അതിന്റെ ഡ്രാഫ്റ്റ് ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയോടുകൂടി സഭയിൽ ഇന്ന് വിതരണം ചെയ്യുന്നതാണ്. മാലിന്യ നിർമ്മാർജ്ജനത്തിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കപ്പെട്ടശേഷം ബോധവൽക്കരണത്തെക്കുറിച്ചും അതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും പലതരം സാങ്കേതിക വിദ്യകളെക്കുറിച്ചുമുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കാം. ഇ-വേസ്റ്റ് ഉൾപ്പെടെ അപകടകാരികളായ മാലിന്യങ്ങൾ ഡിസ്പോസ് ചെയ്യുന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങളും സ്വീകരിക്കും. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇപ്പോഴുള്ള സ്റ്റാഫും ഫണ്ടും പരിമിതമായതിനാൽ സ്റ്റാഫിനെ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിക്കാനും അവരെ

എകീകിപ്ഡാക്കുന്നതിനും ഈ ആവശ്യത്തിനു മാത്രമായി സാമ്പത്തിക സഹായം നൽകുന്നതിനുമുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. അവസാന തീരുമാനം ഉടനുണ്ടാകും. ഇതിന്റെ കാമ്പയിൻ ഗാന്ധിജയന്തി ദിനത്തിൽ ആരംഭിക്കാനാണുദ്ദേശിക്കുന്നത്. ഈ പരിപാടികൾക്ക് എം.എൽ.എ.മാർ തന്നെ ലീഡർഷിപ്പ് കൊടുക്കുകയും സ്വന്തം നിയോജകമണ്ഡലങ്ങൾ മാലിന്യമുക്തമാക്കുന്നതിന് മുൻകയ്യെടുക്കുകയും ചെയ്താൽ പ്രശ്നങ്ങൾ പെട്ടെന്ന് പരിഹരിക്കാനും ജനങ്ങളെ രോഗവിമുക്തരാക്കാനും കേരളത്തിന്റെ പ്രകൃതി സൗന്ദര്യം വീണ്ടെടുക്കാനും സാധിക്കും. എല്ലാ ഡിപ്പാർട്ട്മെന്റുകളും ഇക്കാര്യത്തിൽ സഹകരിക്കും. മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട നിവേദനങ്ങൾ ലഭിച്ചാൽ ഉടൻ നടപടി സ്വീകരിക്കുന്നതാണ്.

**സബ്മിഷൻ**

**(1) വിസ സ്റ്റാമ്പ് ചെയ്ത പാസ്പോർട്ടിലെ പിഴവുകൾ**

ശ്രീ. മഞ്ഞളാംകുഴി അലി: വിദേശങ്ങളിൽ ജോലിചെയ്യുന്നവർ അവധിക്ക് നാട്ടിൽ വരുമ്പോൾ പാസ്പോർട്ടുകളിലെ ചെറിയ പിഴവുകൾ കാരണം കണ്ടുകെട്ടുന്ന സാഹചര്യത്തിൽ പ്രവാസികാര്യ വകുപ്പിലും വിദേശ കാര്യവകുപ്പിലും സമ്മർദ്ദം ചെലുത്തി പുതിയ പാസ്പോർട്ടിന്റെ കൂടെ വിസയുള്ള പാസ്പോർട്ട് തിരികെ നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇക്കാര്യം വിദേശകാര്യ വകുപ്പിന്റേയും പ്രവാസികാര്യ വകുപ്പിന്റേയും ശ്രദ്ധയിൽപ്പെടുത്തുകയും പരിഹാരമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്നതാണ്.

## (2) ഖരമാലിന്യ സംസ്ക്കരണ പദ്ധതി

ശ്രീ. എളമരം കരീം: കോഴിക്കോട് നഗരത്തിലെ ഖരമാലിന്യത്തിന്റെ കേന്ദ്രമായ ഞെളിയൻപറമ്പിൽ മാലിന്യ സംസ്ക്കരണത്തിനായി തെക്കു കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലെ മാതൃകയിൽ ഗവൺമെന്റിന്റെ സഹകരണ ത്തോടെ ശാസ്ത്രീയമായ ഒരു സമഗ്ര പദ്ധതി ആവിഷ്ക്കരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): കോഴിക്കോട് ജില്ലയിലെ ഞെളിയൻ പറമ്പിൽ ഇപ്പോഴുള്ള മാലിന്യ സംസ്ക്കരണ പ്ലാന്റ് കൂടാതെ പുതിയ ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിന് കോർപ്പറേഷനുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ( 3) നഴ്സിംഗ് വിദ്യാർത്ഥികളുടെ നിർബന്ധിത ഇന്റേൺഷിപ്പ്

ശ്രീ. ഷാഫി പറമ്പിൽ: സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ പഠിക്കുന്ന നഴ്സിംഗ് വിദ്യാർത്ഥികളെ ക്വാളിറ്റി വർദ്ധിപ്പിക്കാനെന്ന ന്യായം പറഞ്ഞ് സർക്കാർ നിശ്ചയിക്കുന്ന മിനിമം വേതനം പോലും കൊടുക്കാതെ നിർബന്ധിത ഇന്റേൺഷിപ്പിന്റെ പേരിൽ ചൂഷണം ചെയ്യുന്ന നടപടി അവസാനിപ്പിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : കേരള ത്തിലെ വിവിധ സർവ്വകലാശാലകൾ നടത്തുന്ന നഴ്സിംഗ് ബിരുദ കോഴ്സു കൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർവ്വകലാശാല പ്രൊവിഷണൽ ബിരുദവും കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷനും നൽകിയതിനുശേഷം ഒരു വർഷത്തെ ഇന്റേൺഷിപ്പുകൂടി ചെയ്തിട്ടുമാത്രമേ

ബിരുദം നൽകുകയുള്ളൂ. ചില നഴ്സിംഗ് കോളേജുകൾ പ്രവർത്തിക്കുന്ന ആശുപത്രികളിൽ മതിയായ രോഗികൾ ഇല്ലാത്തതിനാൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലാണ് ഇന്റേൺഷിപ്പ് ചെയ്യുന്നതിനുള്ള സൗകര്യമൊരുക്കുന്നത്. നല്ല തൊഴിലവസരങ്ങൾ ലഭ്യമായാൽപ്പോലും അവിടെനിന്ന് വിടുതൽ ചെയ്യാത്ത അവസ്ഥ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2009-ൽ ആരംഭിച്ച കേരള യൂണിവേഴ്സിറ്റി ഫോർ ഹെൽത്ത് സയൻസിന്റെ ബി.എസ്സി. നഴ്സിംഗ് സിലബസ്സിൽ ഇന്റേൺഷിപ്പ് ഇല്ല. മറ്റു യൂണിവേഴ്സിറ്റികൾ നടത്തുന്നത് ഇന്റേൺഷിപ്പും അക്കാദമിക് പരിശീലനവും സംയോജിപ്പിച്ചുള്ള കോഴ്സായതിനാൽ അതിനുശേഷം ഇന്റേൺഷിപ്പിന്റെ ആവശ്യകതയില്ല. അതിനാൽ ഇന്റേൺഷിപ്പ് ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (4) <u>അവയവദാനത്തിനായി നിയമം</u>

<u>ശ്രീ. എം.പി. വിൻസെന്റ്</u>: തമിഴ്നാട് സർക്കാർ മാതൃകയിൽ കേരളത്തിൽ അവയവദാനത്തിനായി ഒരു നിയമം ഉണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>) : തമിഴ്നാട് സർക്കാർ മാതൃകയിലുള്ള അവയവദാനം സംബന്ധിച്ച് തിരുവനന്തപുരത്തു വച്ച് സംസ്ഥാന തലത്തിൽ ഒരു വർക്ക്ഷോപ്പ് നടത്തുകയുണ്ടായി. ഇതു സംബന്ധിച്ച് വിവിധ മെഡിക്കൽ കോളേജുകളിലെ അഞ്ചംഗങ്ങൾ അടങ്ങുന്ന സമിതി ചെന്നൈയിൽ പോയി വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവയവ കൈമാറ്റത്തിന് നിയമം പരിഷ്ക്കരിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

## (5) <u>സ്വാഭാവിക മരണത്തിന് പോസ്റ്റ്മോർട്ടം</u>

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: ആശുപത്രിയിലേക്ക് കൊണ്ടുപോകുന്ന വഴിക്കോ, ആശുപത്രിയിലെത്തിയിട്ടോ സ്വാഭാവികമായി മരണപ്പെടുന്ന ആളുകളുടെ മൃതശരീരം പോസ്റ്റ്മോർട്ടം ചെയ്യുന്നതിന് നിർബന്ധിക്കുന്നത് തടയാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി <u>( ശ്രീ. അടൂർ പ്രകാശ്):</u> മരണപ്പെട്ടവരുടെ യഥാർത്ഥ മരണകാരണം മരണസർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയില്ലെങ്കിൽ അതിന് നിയമസാധുത ഉണ്ടാകുകയില്ല. മരണപ്പെട്ട നിലയിൽ അത്യാഹിതവിഭാഗങ്ങളിലെത്തുന്നവരുടെ മരണകാരണത്തെക്കുറിച്ച് ഊഹിക്കാനോ മരണസർട്ടിഫിക്കറ്റ് നൽകാനോ ഡ്യൂട്ടിയിലുള്ള ഡോക്ടർമാർക്ക് കഴിയുകയില്ല. ചികിത്സയിലിരിക്കുന്നയാളാണ് മരിച്ചതെന്ന് മനസ്സിലാക്കിയാൽ പോസ്റ്റ്മോർട്ടം നടത്താതെ മൃതദേഹം വിട്ടുകൊടുക്കുന്നുണ്ട്.

## (6) <u>തോട്ടം തൊഴിലാളികളുടെ കൂലി</u>

<u>ശ്രീമതി ഇ.എസ്. ബിജിമോൾ:</u> തോട്ടം തൊഴിലാളികളുടെ ലയം അടക്കമുള്ള ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവരുടെ മിനിമം കൂലി 400 രൂപയായി നിശ്ചയിച്ച് ശമ്പളം പരിഷ്ക്കരിക്കുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി <u>(ശ്രീ. ഷിബു ബേബി ജോൺ)</u> : മൂന്നുവർഷത്തിലൊരിക്കലാണ് തോട്ടം തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണം നടത്തുന്നത്. 2008 സെപ്റ്റംബർ 29-ന് നടത്തിയ സെറ്റിൽമെന്റ് ഈ മാസം 30-ാം തീയതി അവസാനിക്കും. അടുത്ത പി.എൽ.സി.യിൽ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച തീരുമാനമുണ്ടായില്ലെ

ങ്കിൽ നോട്ടിഫിക്കേഷൻ വഴി തീരുമാനിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കും.

## (7) ദിനേശ് ബീഡി-ആശ്വാസ പെൻഷൻ പദ്ധതിക്ക് ധനസഹായം

ശ്രീ. സി. കൃഷ്ണൻ: അനാരോഗ്യംമൂലം ദിനേശ് ബീഡി വ്യവസായത്തിൽ നിന്നും പിരിഞ്ഞുപോകുന്ന തൊഴിലാളികൾക്ക് പെൻഷൻ നൽകാൻവേണ്ടി ഒരു കോടി എഴുപത് ലക്ഷം രൂപ കൂടുതലായി അനുവദിക്കുന്നതിനും മുൻ ഗവൺമെന്റ് കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിരുന്ന പദ്ധതി പ്രാവർത്തികമാക്കുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : പെൻഷൻ വിതരണം ചെയ്യാൻ ഒരു കോടി എഴുപത് ലക്ഷം രൂപ കൂടി ദിനേശ് ബീഡി സഹകരണ സംഘത്തിന് അനുവദിക്കണമെന്ന പ്രൊപ്പോസൽ വ്യവസായ വകുപ്പ് പരിശോധിച്ചുവരികയാണ്. ബീഡി വ്യവസായത്തിന് മാത്രമായി ഒരു സ്കീം കൊണ്ടുവരികയാണെങ്കിൽ അത് കൂടുതൽ മേഖലകളിലേക്ക് എക്സ്റ്റന്റ് ചെയ്യേണ്ടിവരും.

## (8) പുതുക്കാട് നന്തിക്കര റയിൽവേ മേൽപ്പാലം

പ്രൊഫ. സി. രവീന്ദ്രനാഥ്: പുതുക്കാട് എൻ.എച്ച് 47-നേയും 17-നേയും ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട റോഡുകളിൽ അനുഭവപ്പെടുന്ന ഗതാഗത തടസ്സം ഒഴിവാക്കുന്നതിന് മേൽപ്പാലം പണിയാനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) : തൃശ്ശൂർ ജില്ലയിലെ പുതുക്കാട് ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ നന്തിക്കരയിലുള്ള ലെവൽക്രോസിൽ മേൽപ്പാലം പണിയുന്നതിന് 3-9-2002 -ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നടപടിക്രമങ്ങൾ പൂർത്തിയാക്കിയെ

ങ്കിലും ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ പ്രസ്തുത സ്ഥലമെടുപ്പ് നടപടികൾ 6-01-2010-ൽ കാലഹരണപ്പെട്ടു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പ് എറ്റെടുത്തിരിക്കുന്ന പുതുക്കാട് റെയിൽവേ മേൽപ്പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഉടൻതന്നെ ടെൻഡർ നടപടികൾ പൂർത്തിയാക്കുന്നതാണ്.

### (9) മലബാർ മേഖലയിലെ അപ്രഖ്യാപിത പവർകട്ട്

ശ്രീ. പി. ഉബൈദുള്ള: മലബാർ മേഖലയിലെ അപ്രഖ്യാപിത പവർകട്ടും മലപ്പുറത്തെ വോൾട്ടേജ് ക്ഷാമവും പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): മലബാർ മേഖലയിലെ മാടക്കത്തറ വൈദ്യുതി ലൈനിലെ തകരാർ പരിഹരിച്ചതിനെ തുടർന്ന് ലോഡ്ഷെഡ്ഡിംഗ് പിൻവലിച്ചിട്ടുണ്ട്. കർണ്ണാടക അതിർത്തിയിലെ കടക്കോല-കണിയാമ്പറ്റ ലൈനിലെ തകരാറും പരിഹരിച്ചിട്ടുണ്ട്. മലപ്പുറം നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

### (10) ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് നിയമനാംഗീകാരം

ശ്രീ. ജെയിംസ് മാത്യു: മലബാർ മേഖലയിൽ കഴിഞ്ഞ 13 മാസമായി ശമ്പളം ലഭിക്കാത്ത ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകി ശമ്പളം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): മലബാർ മേഖലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച പ്ലസ് ടൂ

കോഴ്സുകളിൽ ഗസ്റ്റ് ലക്ചറർമാരാണ് ജോലി ചെയ്തുകൊണ്ടിരുന്നത്. ഈ സർക്കാർ വന്നതിനുശേഷം 262 തസ്തികകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. എയ്ഡഡ് മേഖലയിലുള്ള 1515 തസ്തികകൾക്ക് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് നിയമനാംഗീകാരവും ശമ്പളവും നൽകുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## ക്രമപ്രശ്നം

### എം.എൽ.എ.യെ അറിയിക്കാതെ സർക്കാർ പരിപാടി നടത്തിയത് സംബന്ധിച്ച്

ശ്രീ. രാജു എബ്രഹാം: റാന്നി നിയോജകമണ്ഡലത്തിൽ നടന്ന ഒരു സർക്കാർ പരിപാടിയുടെ സ്വാഗതസംഘ ചെയർമാനായി ജില്ലാ കളക്ടർ വിളിച്ചുകൂട്ടിയ യോഗം എന്നെ തെരഞ്ഞെടുത്തുവെങ്കിലും രക്ഷാധികാരിയായി തെരഞ്ഞെടുത്തത് അവിടെയുള്ള ഒരു രാഷ്ട്രീയ പാർട്ടി നേതാവിനെയാണ്. പിന്നീട് എന്നെ അറിയിക്കാതെ പ്രസ്തുത നേതാവിന്റെ സാന്നിദ്ധ്യത്തിൽ പരിപാടി നടത്തി. ഇക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കണമെന്ന് ചെയറിനോട് അഭ്യർത്ഥിക്കുന്നു. .

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): റാന്നി നിയോജകമണ്ഡലത്തിൽ നടന്ന പട്ടയമേളയുടെ സ്വാഗതസംഘം ചെയർമാൻ ശ്രീ. രാജു എബ്രഹാമാണ്. മന്ത്രിമാരെ ക്ഷണിക്കുന്നത് സ്വാഗതസംഘത്തിലെ ആളുകളാണ്. സ്വാഗത സംഘം തെരഞ്ഞെടുത്ത രക്ഷാധികാരിയുമായി സർക്കാരിന് യാതൊരു ബന്ധവുമില്ല.

## റൂളിംഗ്

മി. സ്പീക്കർ: നിയോജകമണ്ഡലങ്ങളിൽ വച്ച് നടക്കുന്ന സർക്കാർ പരിപാടികൾ അറിയിക്കാത്തത് സംബന്ധിച്ച എം.എൽ.എ.മാരുടെ പരാതികൾ ലഭിച്ചതിനെ തുടർന്ന് പ്രാദേശിക തലത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ കർശന നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സെപ്റ്റംബർ 18-ാം തീയതി മുഖ്യമന്ത്രിക്ക് കത്ത് കൊടുത്തിട്ടുണ്ട്. അതനുസരിച്ചുള്ള നടപടിയുണ്ടാകും.

## ധനകാര്യം

### 2011-12 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം (141,54,42,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XII - പോലീസ് (670,81,48,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIII - ജയിലുകൾ (25,12,94,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം (124,41,82,000 രൂപ)

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ

ധനാഭ്യർത്ഥനയേയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയേയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയേയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

(സർവ്വശ്രീ ഇ. ചന്ദ്രശേഖരൻ, വി.എസ്. സുനിൽ കുമാർ, കെ. രാജു, ഇ.കെ. വിജയൻ, കെ. അജിത്, ജി.എസ്. ജയലാൽ, വി. ശശി, ചിറ്റയം ഗോപകുമാർ, കെ.വി. അബ്ദുൾ ഖാദർ, സി. ദിവാകരൻ, മുല്ലക്കര രത്നാകരൻ,. എ.എം. ആരിഫ്, ബാബു എം. പാലിശ്ശേരി, കെ.വി. വിജയ ദാസ്, കെ. സുരേഷ് കുറുപ്പ്, ജി. സുധാകരൻ, വി. ശിവൻകുട്ടി, എസ്. ശർമ്മ, ബി. സത്യൻ, സാജു പോൾ, സി.കെ. സദാശിവൻ, രാജു എബ്രഹാം, ആർ. രാജേഷ്, എസ്. രാജേന്ദ്രൻ, പി.ടി.എ. റഹീം, കെ. രാധാകൃഷ്ണൻ, പുരുഷൻ കടലുണ്ടി, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), കെ. കുഞ്ഞിരാമൻ (ഉദുമ), കെ. കുഞ്ഞമ്മത് മാസ്റ്റർ, സി. കൃഷ്ണൻ, കോലിയക്കോട് എൻ. കൃഷ്ണൻ നായർ, കോടിയേരി ബാലകൃഷ്ണൻ, ഇ. പി. ജയരാജൻ,. കെ. കെ. ജയചന്ദ്രൻ, ജയിംസ് മാത്യു, പി.കെ. ഗുരുദാസൻ, എളമരം കരീം, ബി. ഡി. ദേവസ്സി, കെ. ദാസൻ, വി. ചെന്താമരാക്ഷൻ, എ.കെ. ബാലൻ, എ.എ. അസീസ്, കെ.കെ. നാരായണൻ, എ.കെ. ശശീന്ദ്രൻ, പി. ശ്രീരാമകൃഷ്ണൻ, ഡോ. ടി.എം. തോമസ് ഐസക്, ഡോ.കെ.ടി.ജലീൽ, പ്രൊഫ. സി. രവീന്ദ്ര നാഥ്, ശ്രീമതിമാർ ഗീതാ ഗോപി, പി. അയിഷാ പോറ്റി, കെ. എസ്. സലീഖ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

<u>ശ്രീ. എസ്. ശർമ്മ</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എക്സിക്യൂട്ടീവിന്റെ അധികാരം ഉപയോഗിച്ച് നീതിന്യായ വ്യവസ്ഥയെ അട്ടിമറിക്കുകയും ഭീഷണിപ്പെടുത്തുകയും സമ്മർദ്ദത്തിലാക്കുകയും ചെയ്യുന്ന ആപൽക്കരമായ സ്ഥിതിവിശേഷമാണ് സംസ്ഥാനത്ത് നിലനിൽക്കുന്നത്. പാമോലിൻ കേസ്സിന്റെ വിചാരണ നീണ്ടുപോകുന്നതിനെ ചോദ്യം ചെയ്തുകൊണ്ട് ഐ.ഐ.എസ്. ഉദ്യോഗസ്ഥൻ ശ്രീ. ജിജി തോംസൺ കൊടുത്ത അപേക്ഷയിന്മേൽ ഒരു മാസത്തേക്ക് വിജിലൻസ് കോടതിയുടെ നടപടികൾ ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ഈ കേസ് നിലനിൽക്കില്ലെന്ന് കരുതുന്നുണ്ടോയെന്ന് കോടതി ആരാഞ്ഞതിന് കേസന്വേഷണവും വിചാരണയും വേഗത്തിൽ നടന്നുകിട്ടേണ്ടത് പ്രതിയുടെ അവകാശമാണെന്നാണ് ഗവൺമെന്റ് അഭിഭാഷകൻ വാദിച്ചത്. പ്രതിയുടെ ഭാഗം ന്യായീകരിക്കുന്ന വിധത്തിൽ കോടതിയുടെ മുമ്പിൽ അഭിപ്രായ പ്രകടനം നടത്തിയത് ഗൗരവത്തോടെ വിശകലനം ചെയ്യപ്പെടണം. ഗവൺമെന്റ് ചീഫ് വിപ്പ് ആ സ്ഥാനത്തിരുന്നുകൊണ്ട് ജഡ്ജിക്കെതിരെ പരസ്യ പ്രസ്താവനകളും ഭീഷണിപ്പെടുത്തലുകളും നടത്തുന്നത് ജനാധിപത്യവിരുദ്ധവും ജുഡീഷ്യറിയെ വരുതിയിലാക്കാനുള്ള എക്സിക്യൂട്ടീവിന്റെ ശ്രമവുമാണ്. ഗവൺമെന്റിനെ തൃപ്തിപ്പെടുത്താൻവേണ്ടി പോലീസ് ഉദ്യോഗസ്ഥർ സമരങ്ങളെ അടിച്ചമർത്തുന്നത് ആപൽക്കരമായ ഒരു പ്രവണതയാണ്. രാമങ്കരിയിൽ പീഡനത്തിനിരയായ വിദ്യാർത്ഥിനിയിൽനിന്ന് മാതാപിതാക്കളുടെ സാന്നിദ്ധ്യത്തിൽ പ്രതിയുടെ കടയുടെ മുമ്പിൽവച്ച് പരസ്യമായി മൊഴി രേഖപ്പെടുത്തിയ പോലീസ് ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യണം. മത്സ്യത്തൊഴിലാളികൾക്ക് എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ സിവിൽ സപ്ലൈസ് വകുപ്പുവഴി മണ്ണെണ്ണ വിലകുറച്ച് വിതരണം ചെയ്യുന്നതിന് കഴിഞ്ഞ

ഗവൺമെന്റ് 15 കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും പുതുക്കിയ ബഡ്ജറ്റിൽ അത് അനുവദിച്ചില്ല. ഇക്കാര്യം പുന:പരിശോധിക്കുന്നതോടൊപ്പം സബ്സിഡി റേറ്റിൽ മണ്ണെണ്ണ അനുവദിക്കുന്നതിനും കേന്ദ്ര അലോട്ട്മെന്റ് വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. എ.പി.എൽ./ ബി.പി.എൽ. വിവേചനമില്ലാതെ പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി വിഹിതം ലഭ്യമാക്കുന്നതിനും കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള തുക അനുവദിക്കുന്നതിനും മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും ആദിവാസികൾക്കും ഒരു രൂപയ്ക്ക് അരി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും സർക്കാർ ഫലപ്രദമായ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. തീരദേശമേഖലയിൽ സ്വന്തമായി വീടില്ലാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതിക്കായി പത്ത് കോടി രൂപയും തീരദേശ വികസന അതോറിറ്റിക്കുവേണ്ടി അഞ്ച് കോടി രൂപയും ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. ഈ വർഷം രണ്ടര ലക്ഷം രൂപ വിലമതിക്കുന്ന 1500 വീടുകളെങ്കിലും നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം. അടുത്ത അഞ്ച് വർഷത്തിനകം ഭവനമില്ലാത്ത ഒരാൾ പോലും തീരദേശ മേഖലയിൽ ഉണ്ടാകാൻ പാടില്ല എന്ന നയം സ്വീകരിച്ച് അതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കണം. 2011-ലെ CRZ-ന്റെ തീരുമാന പ്രകാരം 50 മീറ്ററിനകത്ത് വീട് വയ്ക്കാനും ഇപ്പോഴുള്ള വീടുകൾ പുതുക്കി പണിയുന്നതിനും

അനുവാദം നൽകിയിട്ടുണ്ടെങ്കിലും പല പഞ്ചായത്ത് സെക്രട്ടറിമാരും അതിന് അനുവാദം നൽകുന്നില്ല. കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് റിവ്യു നടത്തി യഥാർത്ഥ കടം എഴുതി ത്തള്ളുന്നതിന് നടപടി സ്വീകരിക്കണം. ഫിഷിംഗ് ഹാർബറുകളുടെ പ്രവർത്തനം സംബന്ധിച്ച് റിവ്യു നടത്തി ആവശ്യമുള്ള സ്ഥലങ്ങളിൽ ഫണ്ട് കൊടുക്കാനുള്ള നടപടി സ്വാഗതാർഹമാണ്. തീരദേശ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. തകർന്നുപോയ മത്സ്യത്തൊഴിലാളി കോളനികളും ലക്ഷം വീട് കോളനികളും പുനർനിർമ്മിക്കാൻ നടപടി സ്വീകരിക്കണം. തീരദേശ മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ചുകൊടുക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം. സമ്പാദ്യ സമാശ്വാസ പദ്ധതി ഫലപ്രദമായി നടപ്പിലാക്കണം. ലഭിക്കുന്ന മണ്ണെണ്ണയുടെ ഒരു നിശ്ചിത ശതമാനം മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കാൻ തയ്യാറാകണം.

<u>ശ്രീ. സി. ദിവാകരൻ</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേന്ദ്ര ധനസഹായം ശാശ്വതമായി ഉണ്ടാകുമെന്ന ധാരണയിലാണ് സംസ്ഥാന സർക്കാർ പ്രഖ്യാപനങ്ങൾ നടത്തുന്നത്. ഇടതുമുന്നണി സർക്കാർ കൊണ്ടുവന്ന സ്റ്റുഡന്റ്സ് പോലീസ് - കമ്മ്യൂണിറ്റി പോലീസ് സംവിധാനങ്ങൾ ഫലപ്രദമാക്കണം. ഭരണത്തിലെത്തി നൂറ് ദിവസങ്ങൾ പിന്നിട്ടിട്ടും പോലീസിന്റെ മുഖഛായ മാറ്റാനുള്ള ഭാവനാപൂർണ്ണമായ ഒരു നടപടിയും സ്വീകരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. പോലീസിനെ കയറൂരി വിടുന്നതിന്റെ തിക്തഫലങ്ങൾ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. പോലീസിന് ക്രിമിനലുകളുമായുള്ള ബന്ധം വർദ്ധിച്ചുവരുന്നതോടൊപ്പം കോടതിയെപ്പോലും കബളിപ്പിക്കുന്ന വിധത്തിലുള്ള നിലപാടുകളാണ് ആഭ്യന്തര വകുപ്പ് സ്വീകരിക്കുന്നത്. പോലീസിന് നീതി നടത്താനുള്ള

സ്വാതന്ത്ര്യം നൽകണം. കുറ്റക്കാരായ പോലീസുദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണം. പോലീസിന് ഏതൊക്കെ കാര്യങ്ങളിൽ ഇടപെടാമെന്നത് സംബന്ധിച്ച് ഒരു പോലീസ് നയം പ്രഖ്യാപിക്കണം. സംസ്ഥാനം ഭീകര പ്രവർത്തനങ്ങളുടെ കേന്ദ്രമായി മാറുകയാണെന്ന ആശങ്ക ദൂരീകരിക്കണം. കേരളത്തിലെത്തുന്ന കള്ളപ്പണത്തിന്റെ ഉറവിടം അന്വേഷിക്കണം. ജഡ്ജിമാരെ ഭീഷണിപ്പെടുത്തുന്ന നടപടി അവസാനിപ്പിക്കണം. സംസ്ഥാനത്ത് നിയമവാഴ്ചയും ക്രമസമാധാനവും അപകടത്തിലായിരിക്കുന്നു. എല്ലാ നിലയ്ക്കും ഈ ഗവൺമെന്റ് പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണ്. മത്സ്യത്തൊഴിലാളികളുടെ വെട്ടിക്കുറച്ച മണ്ണെണ്ണവിഹിതം പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. അവർക്ക് മൺസൂൺ സീസണിൽ നൽകിവന്നിരുന്ന ആനുകൂല്യങ്ങൾ തുടരണം.

<u>ശ്രീ. ടി.എ. അഹ്മദ് കബീർ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പട്ടികവർഗ്ഗ വിഭാഗങ്ങളുടേതിന് തുല്യമായ ആനുകൂല്യങ്ങൾ നൽകണം. സി.ആർ.ഇസ്സഡ്. ആക്റ്റിന്റെ മറവിൽ കടലോര പ്രദേശത്തുള്ളവരുടെ ജന്മാവകാശം നിഷേധിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കണം. മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ പദ്ധതിക്ക് കൂടുതൽ അവസരം നൽകണം. ഫിഷറീസ് വില്ലേജുകൾ പുന:സംഘടിപ്പിക്കാനും ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ ഫലപ്രദമായി പ്രവർത്തിപ്പിക്കാനും നടപടി സ്വീകരിക്കണം. മത്സ്യബന്ധനത്തിലേർപ്പെടുന്ന ചെറുപ്പക്കാരായ തൊഴിലാളികൾ ക്ഷേമനിധിയിൽ അംഗത്വത്തിന് അപേക്ഷ കൊടുത്ത് നടപടിക്രമങ്ങൾ പൂർത്തിയാകുന്നതിന് മുമ്പ് അപകടത്തിൽപ്പെട്ടാലും ആനുകൂല്യങ്ങൾ ലഭ്യമാക്കണം. ഫലപ്രദമായ സർവ്വേ നടത്തി തീരദേശവാസികൾക്ക് മാത്രമായി ഒരു സമഗ്ര പാക്കേജ് കൊണ്ടു

വരണം. പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിൽ മത്സ്യാധിഷ്ഠിത മൂല്യ വർദ്ധിത വ്യവസായ സംരംഭങ്ങൾ കൊണ്ടുവരണം. നാഷണൽ ഫിഷറീസ് കോർപ്പറേഷന്റെ സഹായം ഉറപ്പുവരുത്തണം. 100 ദിന കർമ്മ പരിപാടി ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകുന്നതിൽ ഗവൺമെന്റിന് വിജയം കൈവരിക്കാൻ സാധിച്ചു. പോലീസ് സേനയിൽ ശ്രദ്ധേയമായ മാറ്റങ്ങൾ വരുത്തണം. നിയമപാലനം, ക്രമസമാധാനപാലനം, നീതിപാലനം എന്നീ രംഗങ്ങളിൽ ആരോഗ്യപരമായ അഴിച്ചുപണി നടത്തണം. പോലീസ് സേനയിലെ കുഴപ്പക്കാർക്കെതിരെ നടപടി സ്വീകരിക്കണം. നാഷണൽ പോലീസ് കമ്മീഷൻ റിപ്പോർട്ടിലെ മാർഗ്ഗനിർദ്ദേശങ്ങൾ പരിപാലിക്കപ്പെടണം. കേരള പോലീസ് ആക്റ്റ് പ്രകാരം പോലീസിന്റെ ചുമതലകൾ വ്യാഖ്യാനിക്ക പ്പെടണം. മനുഷ്യാവകാശം നിഷേധിക്കുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ല. നഷ്ടപരിഹാരം നൽകേണ്ട സിവിൽ കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഫാസ്റ്റ് ട്രാക്ക് കോടതികൾ ആരംഭിക്കണം. എം.എ.സി.ടി. ക്ലെയിമുകൾ അഞ്ച് വർഷത്തെ സ്ഥിരനിക്ഷേപമായി നൽകുന്ന വ്യവസ്ഥയിൽനിന്ന് 50 വയസ്സിനുമുകളിലുള്ളവരെ ഒഴിവാക്കണം.

ശ്രീ. സി. കെ. നാണു : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കടാശ്വാസ കമ്മീഷൻ മുഖേനയുള്ള ആനുകൂല്യങ്ങൾ മൽസ്യത്തൊഴിലാളി കൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. ബഡ്ജറ്റിൽ മത്സ്യ ത്തൊഴിലാളി ക്ഷേമത്തിന് ആവശ്യമായ തുക വകയിരുത്താത്തതു മൂലമുള്ള അവരുടെ ആശങ്കയ്ക്ക് പരിഹാരം കാണണം. പാമോലിൻ കേസിന്റെ തുടർപരിഗണന നടത്തുന്ന വിജിലൻസ് സ്പെഷ്യൽ ജഡ്ജി കേസിൽ നിന്ന് പിന്മാറിയ സാഹചര്യം നിർഭാഗ്യകരമാണ്. നീതിന്യായ സംവിധാനത്തിന് ഭയപ്പാടോടെ പ്രവർത്തിക്കേണ്ടിവരുന്ന സാഹചര്യം

പരിഹാസ്യമാണ്. ക്രിയാത്മകമായി പ്രവർത്തിച്ച് ഗവൺമെന്റിന്റെ തെറ്റുകൾ ചൂണ്ടിക്കാണിക്കുക എന്നതാണ് പ്രതിപക്ഷം ലക്ഷ്യം വയ്ക്കുന്നത്. ജന ക്ഷേമകരമായ പ്രവർത്തനങ്ങളിൽനിന്നും ഈ ഗവൺമെന്റ് പുറകോട്ടു പോകുകയാണ്.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്. നൂറുദിന കർമ്മ പദ്ധതി നടപ്പിലാക്കി അതിന്റെ പ്രോഗ്രസ്സ് റിപ്പോർട്ട് അവതരിപ്പിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. വിഴിഞ്ഞം പദ്ധതി, സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം തുടങ്ങിയവയ്ക്ക് തുടക്കം കുറിക്കാനും മൂലമ്പിള്ളി, ചെങ്ങറ തുടങ്ങിയ ജനകീയ പ്രശ്ന ങ്ങൾക്ക് പരിഹാരമുണ്ടാക്കാനും ഈ ഗവൺമെന്റിന് സാധിച്ചു. കൂടുതൽ കേന്ദ്ര പദ്ധതികൾ വാങ്ങിയെടുക്കാനും സമർപ്പിച്ചിരിക്കുന്ന പദ്ധതികൾ പ്രാവർത്തികമാക്കാനും സമ്മർദ്ദം ചെലുത്തുന്നതിനായി ഡെൽഹിയിലെ കേരള ഹൗസിൽ ഒരു സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥനെ നിയോഗിച്ചത് മാതൃകാപരമായ പ്രവർത്തനമാണ്. മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്ക് രൂപംകൊടുത്ത് 'ശുചിത്വ കേരളം' എന്ന മുദ്രാവാക്യവുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. എമർജിംഗ് കേരളയിലൂടെ പുതിയ പദ്ധതികൾ സംസ്ഥാനത്ത് കൊണ്ടുവരാൻ ശ്രമിക്കുകയാണ്. വിഷൻ – 2030 നടപ്പിലാക്കുന്നതുവഴി കേരളത്തിന്റെ മുഖഛായതന്നെ മാറുമെന്ന കാര്യത്തിൽ സംശയമില്ല. രോഗികളും നിരാലംബരുമായവരെ സഹായി ക്കുന്നതിന് കാരുണ്യ ലോട്ടറി ആരംഭിച്ചതും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വർക്ക് ഒരു രൂപ നിരക്കിൽ 25 കിലോ അരി നൽകിയതും പ്രശംസനീയമാണ്.

കെട്ടിക്കിടക്കുന്ന കേസ്സുകൾക്ക് സമയബന്ധിതമായി പരിഹാരമുണ്ടാക്കണം. ജുഡീഷ്യറിയുടെ പ്രവർത്തനത്തിൽ പിഴവുണ്ടാക്കാതെ ശ്രദ്ധിക്കണം. പോലീസിന്റെ നന്മനിറഞ്ഞ പ്രവർത്തനങ്ങളെ അംഗീകരിക്കണം. ജന പ്രതിനിധികളെ അംഗീകരിക്കാനും ബഹുമാനിക്കാനും പോലീസുകാർ തയ്യാറാകണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ പോലീസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. പോലീസ് സേന അഴിമതിയുടെ കൂത്തരങ്ങായി മാറിയിരിക്കുന്നു. കേരളത്തിൽ സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ ഏറ്റവും കൂടുതൽ നടന്നത് മലപ്പുറം ജില്ലയിലാണ്. സംസ്ഥാനത്ത് ക്രമസമാധാനം തകർന്നിരിക്കുന്നു. വിദ്യാർത്ഥി സമരങ്ങളെ ഗ്രനേഡ് ഉപയോഗിച്ച് അമർച്ച ചെയ്യാനാണ് ശ്രമിക്കുന്നതെങ്കിൽ അത് വരുംനാളുകളിൽ ശക്തമായ പ്രക്ഷോഭങ്ങൾക്ക് വഴിതെളിക്കും.

<u>ശ്രീ. എം.എ. വാഹീദ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ പോലീസ് സംവിധാനമാണ് ഇപ്പോഴും തുടരുന്നത്. കഴിഞ്ഞ അഞ്ചുവർഷക്കാലം നിരായുധരാക്കി, നിഷ്ക്രിയരാക്കി നിർത്തിയിരുന്ന പോലീസ് സേനയെ ക്രിയാത്മകമായി പ്രവർത്തിക്കുന്ന പോലീസാക്കി മാറ്റി എന്നുള്ളതാണ് ഈ ഗവൺമെന്റ് ചെയ്തത്. ഏറ്റവും നല്ല കലാലയമെന്ന് അറിയപ്പെട്ടിരുന്ന യൂണിവേഴ്സിറ്റി കോളേജ് ഇന്ന് സാമുഹ്യവിരുദ്ധകേന്ദ്രമായി മാറിയിരിക്കുന്ന ദു:സ്ഥിതിക്ക് പരിഹാരം കാണണം. പൊതുമുതൽ നശിപ്പിക്കുന്ന

ക്രിമിനലുകളെ അമർച്ച ചെയ്യണം. കലാലയങ്ങൾ ജനാധിപത്യവൽക്കരിക്കണം.

ശ്രീമതി പി. അയിഷാ പോറ്റി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ ക്രമസമാധാന നില തകരുകയും സ്ത്രീകൾക്ക് നേരെയുള്ള അക്രമവും പോലീസ് അതിക്രമവും വർദ്ധിച്ചുവരികയും ചെയ്യുന്നു. കുറ്റവാളികളെ സംരക്ഷിക്കുന്ന നടപടി അവസാനിപ്പിക്കുകയും പരാതികളെക്കുറിച്ച് സത്യസന്ധമായ അന്വേഷണം നടത്തുകയും ചെയ്യണം. കുളക്കട പുത്തൂർ ഹയർ സെക്കണ്ടറി സ്കൂളിൽ സാമൂഹ്യവിരുദ്ധർ നടത്തിയ അതിക്രമം സംബന്ധിച്ചും വാളകം ആർ.വി.എച്ച്.എസ്.-ലെ ഒരു അദ്ധ്യാപകന് നേരെ നടന്ന അക്രമം സംബന്ധിച്ചും അന്വേഷിക്കണം. സ്ത്രീകൾക്ക് സമാധാനമായി ജീവിക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കണം. പരിഷ്ക്കരിച്ച പോലീസ് ആക്ട് നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. ആദിവാസി സ്ത്രീകൾക്ക് നേരെയുള്ള പോലീസ് അതിക്രമം തടയുന്നതിന് കർശന നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് നീതിന്യായ വ്യവസ്ഥയ്ക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കണം. ലെജിസ്ലേറ്റീവ്, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നിവ നല്ല രീതിയിൽ ചിട്ടയായി മുന്നോട്ടുപോകണം. കേരള ഫയർ ഫോഴ്സിന് ആവശ്യമായ സ്കൈ ലിഫ്റ്റ് അനുവദിക്കണം. ഫയർ ഫോഴ്സിന് അനുവദിച്ച ഫണ്ട് ലാപ്സാകാതിരിക്കാൻ നടപടി സ്വീകരിക്കണം. കൊട്ടാരക്കര ഫയർ സ്റ്റേഷനിൽ അത്യാവശ്യം വേണ്ട ഉപകരണങ്ങൾ അനുവദിക്കണം.

ശ്രീ. മഞ്ഞളാംകുഴി അലി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസിനെ ക്രിയാത്മകമാക്കിയതിലൂടെ മെച്ചപ്പെട്ട ക്രമസമാധാനം കാഴ്ചവയ്ക്കാൻ ഈ. ഗവണ്മെന്റിന് സാധിച്ചു. കവർച്ച, കൊലപാതകം,

ഫ്ളാറ്റ് തട്ടിപ്പ്, മണി ചെയിൻ തുടങ്ങിയ നിരവധി കേസുകളിലെ പ്രതികളെ യഥാസമയം അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ മണൽ കേസുമായി ബന്ധപ്പെട്ട് പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കുട്ടി പോലീസ് പദ്ധതി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കണം. കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്യുന്ന പോലീസ് സ്റ്റേഷനുകളിൽ സ്റ്റാഫ് സ്ട്രെങ്ത് വർദ്ധിപ്പിക്കണം.

ശ്രീ. ഹൈബി ഈഡൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ 100 ദിവസത്തെ പ്രവർത്തനം കൊണ്ട് കേരളത്തിലെ സാധാരണ ജനങ്ങൾക്ക് സ്വൈര്യജീവിതം ഉറപ്പാക്കാൻ കഴിഞ്ഞു. പോലീസ് സേനയിൽ ഗ്രേഡ് പ്രോമോഷൻ സംബന്ധിച്ച സുപ്രധാന തീരുമാനം എടുത്തുകൊണ്ട് പുതുതായി വിവിധ തസ്തികകൾ സൃഷ്ടിച്ചു. ഓണക്കാലത്ത് സേവനം അനുഷ്ഠിച്ചവർക്ക് 500 രൂപ ബോണസ്സായി നൽകിയതും പോലീസുകാർക്കുവേണ്ടി മിലിട്രി മാതൃകയിൽ ക്യാന്റീൻ തുടങ്ങിയതും അഭിനന്ദനാർഹമാണ്. ജനമൈത്രി പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പുതിയ തസ്തികകൾ അനുവദിച്ചതുപോലെ ട്രാഫിക് പോലീസ് സംവിധാനം ശക്തിപ്പെടുത്താനും കൂടുതൽ പോലീസുകാരെ നിയോഗിക്കേണ്ടതുണ്ട്. പോലീസിലെ ക്രിമിനലുകൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കാൻ തയ്യാറാകണം. 3164 വാഹനങ്ങൾ ലേലം ചെയ്ത് 2,07,00,000 രൂപ സർക്കാർ ഖജനാവിലേക്ക് മുതൽക്കൂട്ടാൻ കഴിഞ്ഞത് യു.ഡി.എഫ്.സർക്കാരിന്റെ ഭരണനേട്ടമായി കാണണം. വിദ്യാർത്ഥി യുവജന സമരങ്ങളെ അടിച്ചമർത്തുന്ന സമീപന

ത്തോട് യോജിക്കുന്നില്ല. എന്നാൽ വിദ്യാർത്ഥികളെന്ന വ്യാജേന സാമൂഹ്യവിരുദ്ധരും ക്രിമിനലുകളും ക്വട്ടേഷൻ സംഘങ്ങളും യൂണിവേഴ്സിറ്റി കോളേജ് കേന്ദ്രീകരിച്ച് നടത്തുന്ന പ്രവർത്തനങ്ങൾ തിരിച്ചറിഞ്ഞ് അവർക്കെതിരെ കർശന നടപടി സ്വീകരിക്കണം. സൈബർ ക്രൈമിനെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം നൽകുന്നതിനും മെട്രോ പൊളിറ്റൻ നഗരങ്ങളിൽ കൂടുതൽ സൈബർ സെല്ലുകൾ ആരംഭിക്കാനും നടപടിയുണ്ടാകണം. പോലീസ് സേനയുടെ നവീകരണത്തിനായി കൂടുതൽ ഫണ്ട് അനുവദിക്കണം. സമഗ്ര തീരദേശവികസന പദ്ധതിക്ക് രൂപം നൽകാനും തീരദേശ ഫിഷറീസ് സ്ക്കൂളുകളുടെ മെസ്സ് അലവൻസ് വർദ്ധിപ്പിക്കാനും നടപടിയുണ്ടാകണം. കാലാവധി അവസാനിക്കുന്ന മൽസ്യകേരളം പദ്ധതി പുനരാരംഭിക്കണം. അടിസ്ഥാനസൗകര്യമില്ലാത്ത ജയിലുകൾ നവീകരിക്കണം.

<u>ശ്രീ. വി. ശിവൻകുട്ടി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് തുടങ്ങിവച്ച പ്രവത്തികളെല്ലാം യു.ഡി.എഫ്. ഗവൺമെന്റ് ആണ് ചെയ്തതെന്ന രീതിയിലുള്ള പ്രചരണമാണ് പത്രങ്ങളിലൂടെ നടത്തിക്കൊണ്ടിരിക്കുന്നത്. ജനകീയ പ്രശ്നങ്ങൾ ഉന്നയിച്ച് സമരം ചെയ്യുന്നവരെ അടിച്ചമർത്തുന്ന നടപടി ശരിയല്ല. പെട്രോൾ വില വർദ്ധനവിനെതിരെ സമരം ചെയ്ത വിദ്യാർത്ഥികളേയും യുവാക്കളേയും വഴിയാത്രക്കാരെയും തല്ലിച്ചതച്ച പോലീസ് നടപടി തികച്ചും പൈശാചികമാണ്. ഇതിന് നേതൃത്വം നൽകിയ ഡെപ്യൂട്ടി പോലീസ് കമ്മീണറുടെ പേരിൽ കർശന നടപടിയെടുക്കണം. വിദ്യാർത്ഥികളുടെ അവകാശങ്ങൾക്കുവേണ്ടി എക്കാലവും പോരാടിയ മഹത്തായ പാരമ്പര്യവും ചരിത്രവുമാണ് യൂണിവേഴ്സിറ്റി കോളേജിനുള്ളത്. എല്ലാ രംഗങ്ങളിലും ഈ ഗവൺമെന്റ്

അഴിമതിയിൽ മുങ്ങിനിൽക്കുകയാണ്. ടൈറ്റാനിയം ഫാക്ടറിയിൽ 256 കോടി രൂപയുടെ മലിനീകരണ നിവാരണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് 100 കോടി രൂപയുടെ അഴിമതിയുണ്ടായിട്ടുണ്ടെന്നും അതിൽ മുഖ്യമന്ത്രിക്ക് പങ്കുണ്ടെന്നും ആരോപണം ഉന്നയിക്കുന്നു. പ്രസ്തുത കേസ്സിന്മേൽ ഇപ്പോൾ വിജിലൻസ് കോടതി നടത്തുന്ന അന്വേഷണം സി.ബി.ഐ.ക്ക് വിടാനും ടൈറ്റാനിയം ഫാക്ടറിക്കുണ്ടായ സാമ്പത്തിക നഷ്ടത്തിനുള്ള ഉത്തരവാദിത്വം മുഖ്യമന്ത്രി ഏറ്റെടുക്കാനും തയ്യാറാകണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും ക്രമസമാധാനാന്തരീക്ഷം നിലനിർത്താനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് പ്രശംസനീയമാണ്. എൽ.ഡി.എഫ്. ഭരണകാലത്ത് നിരവധി കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടും അതിനോട് നിസംഗമായ സമീപനമാണ് സർക്കാർ സ്വീകരിച്ചിരുന്നത്. കുറ്റകൃത്യങ്ങളുടെ എണ്ണവും ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള ഒരു സർക്കാരിന്റെ ചുമതല നിറവേറ്റാൻ കഴിഞ്ഞ സർക്കാരിന് കഴിഞ്ഞില്ല. ഈ സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി പോലീസ് സേനയിലെ ക്രിമിനലുകൾക്കെതിരെ നടപടിയെടുക്കാനും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ സർവ്വീസിൽ നിന്നും പിരിച്ചുവിടാനുമുള്ള ഗവൺമെന്റിന്റെ പ്രഖ്യാപനം സ്വാഗതാർഹമാണ്. എൽ.ഡി.എഫ്. ഭരണ കാലത്ത് മഞ്ചേശ്വരം മണ്ഡലം നിരവധി മാഫിയാ സംഘങ്ങളുടെ കേന്ദ്രമായിരുന്നു. പോലീസ് ഒരിക്കലും രാഷ്ട്രീയക്കാരുടെ ആജ്ഞാനുവർത്തികളായി പ്രവർത്തിക്കാൻ പാടില്ല.

പോലീസിന്റെ സ്വഭാവത്തിലും പ്രവൃത്തിയിലും മാറ്റം വരേണ്ടതുണ്ട്. നിർഭയമായി ജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ കടന്നു ചെല്ലാൻ കഴിയണം. കഴിഞ്ഞ സർക്കാർ കൊണ്ടുവന്ന കമ്മ്യൂണിറ്റി പോലീസും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റും പോലീസിന് ജനകീയ മുഖം നൽകാൻ ഉതകുന്ന തീരുമാനങ്ങളായിരുന്നു. ട്രാഫിക് സംവിധാനം കാര്യക്ഷമമാക്കാൻ ട്രാഫിക് പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കണം. കാസർകോട് ജില്ലയിൽ പ്രവർത്തിക്കുന്ന ട്രാഫിക് യൂണിറ്റിനെ ട്രാഫിക് പോലീസ് സ്റ്റേഷനായി ഉയർത്തണം. പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തണം. ഗുണ്ടാ ആക്ട് അനുസരിച്ച് കുറ്റവാളികൾക്കെതിരെ നടപടികളെടുത്തത് സ്വാഗതാർഹമാണ്. പോലീസുകാരുടെ ജോലിഭാരം കുറയ്ക്കാനും ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്താനും നടപടികൾ സ്വീകരിക്കണം. ജയിലിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കണം. വനിതാ ജയിലിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. മൽസ്യത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനെ സ്വാഗതം ചെയ്യുന്നു.

<u>ശ്രീമതി ഇ.എസ്. ബിജിമോൾ</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടികളുടെ ഭാഗമായി പി.ആർ.ഡി. പ്രസിദ്ധീകരിക്കുന്ന പരസ്യ കണക്കുകളിൽ വ്യക്തതയില്ല. മാഫിയാ ബന്ധമുള്ള പോലീസുകാരുടെ പേരിൽ സ്വീകരിക്കാൻ പോകുന്ന നടപടി എന്താണെന്ന് വ്യക്തമാക്കണം. ശാസ്ത്രീയവും കാലാനുസൃതവുമായ പരിശീലനത്തിലൂടെ മികച്ച പോലീസ് സേനയെ സൃഷ്ടിച്ചെടുക്കാൻ കഴിയണം. പെൺവാണിഭക്കേസിലെ പ്രതികളെ പുറത്തുകൊണ്ടുവരണം. മദ്യത്തിന്റെ ഉപയോഗം കുറയ്ക്കാൻ നടപടി സ്വീകരിക്കണം. പെൺകുട്ടികൾക്ക് കായിക പരിശീലനം ഏർപ്പെടുത്തുകയും കൗൺസിലിംഗ്

നിർബന്ധമാക്കുകയും ചെയ്യണം. അമ്മപ്പോലീസിന് രൂപം കൊടുക്കാനും സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് പോലീസിന് പ്രത്യേക പരിശീലനം നൽകാനും തയ്യാറാകണം. സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന കുറ്റകൃത്യ ങ്ങൾക്കെതിരെ കർശന നിലപാട് സ്വീകരിക്കണം. ക്രമസമാധാനവും കേസന്വേഷണവും വേർതിരിച്ച് പ്രവർത്തിപ്പിക്കണം. വനിതാ എം.എൽ.എ. മാരെയും അംഗീകാരമുള്ള വനിതാ സംഘടനാ പ്രതിനിധികളേയും ഉൾപ്പെടുത്തി മുഖ്യമന്ത്രി ചെയർമാനായ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പതിനാല് ജില്ലകളിലും പ്രാവർത്തികമാക്കണം.

ശ്രീ. ബെന്നി ബെഹനാൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഗവൺമെന്റിന്റെ 100 ദിന കർമ്മ പരിപാടിക്ക് ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 24 മണിക്കൂറും തുറന്നുപ്രവർത്തിക്കുന്ന മുഖ്യമന്ത്രിയുടെ ആഫീസ് പാവപ്പെട്ടവന്റെ ദു:ഖങ്ങൾക്ക് അറുതി വരുത്തുന്ന ആശാകേന്ദ്ര മായി മാറിയിരിക്കുന്നു. മൂലമ്പിള്ളി പാക്കേജ് നടപ്പാക്കാനും ചെങ്ങറ പ്രശ്നത്തിന് പരിഹാരം കണ്ടെത്താനും സാധിച്ചു. സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിച്ചു. പാവപ്പെട്ടവന് ഒരു രൂപ നിരക്കിൽ 25 കിലോ അരി വിതരണം നടത്തിക്കൊണ്ടിരിക്കുന്നത് എടുത്തു പറയേണ്ടകാര്യമാണ്. പ്രതിപക്ഷനേതാവ് മുഖ്യമന്ത്രി പദവിയിലിരുന്നപ്പോൾ ഉണ്ടായ സംഭവത്തെക്കുറിച്ച് ശ്രീ. പി.സി. വിഷ്ണുനാഥ് ഉന്നയിച്ച ആരോപണം സംബന്ധിച്ച് പ്രത്യേക നിയമസഭാ സമിതി അന്വേഷണം നടത്തിവരികയാണ്.

**ക്രമപ്രശ്നം**

**നിയമസഭാ സമിതിയുടെ പരിഗണനയിലുള്ള വിഷയം**

ശ്രീ. എസ്. ശർമ്മ : നിയമസഭാ സമിതിയുടെ പരിഗണനയിലുള്ള വിഷയം ചർച്ച ചെയ്യപ്പെടുന്നത് ഓർഡറിലാണോയെന്ന് വ്യക്തമാക്കണം.

**റൂളിംഗ്**

മി. സ്പീക്കർ : ഒരു പ്രത്യേക വിഷയത്തിനായി രൂപീകരിച്ച നിയമസഭാ സമിതിയുടെ പരിഗണനയിലുള്ള കാര്യം സംബന്ധിച്ച് അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനുമുമ്പായി അതുമായി ബന്ധപ്പെട്ട പരാമർശങ്ങൾ സഭയിൽ നടത്താൻ പാടില്ലെന്ന് ചട്ടങ്ങൾ അനുശാസിക്കുന്നുണ്ട്. അതിനാൽ സമിതിയുടെ റിപ്പോർട്ട് വരുന്നതുവരെ പ്രസ്തുത വിഷയം ചർച്ച ചെയ്യാൻ പാടുള്ളതല്ല.

ശ്രീ. ബെന്നി ബെഹനാൻ (തുടർച്ച) : ഈ ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക് പൊതുവിതരണ സമ്പ്രദായത്തിലൂടെ ന്യായവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്ത നടപടി ശ്ലാഘനീയമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ക്രമ സമാധാനനില മെച്ചപ്പെട്ടുവെന്നത് അഭിനന്ദനാർഹമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നീതിന്യായനിർവ്വഹണം, പോലീസ്, ജയിലുകൾ, മത്സ്യബന്ധനം എന്നീ ധനാഭ്യർത്ഥനകൾക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ഈ തുക വർദ്ധിപ്പിക്കണമെന്ന സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശം ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. തുക അനുവദിക്കുന്ന കാര്യത്തിൽ എല്ലാ വകുപ്പുകൾക്കും അർഹമായ പരിഗണന നൽകിയിട്ടുമില്ല. മുഖ്യമന്ത്രി പ്രഖ്യാപിച്ച 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി കോടിക്കണക്കിന് രൂപ

യാണ് പരസ്യങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളത്. നിക്ഷ്പക്ഷമായി പ്രവർത്തിക്കേണ്ട വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ രാഷ്ട്രീയവൽക്കരിക്കുന്നത് ദൂരവ്യാപകമായ ഫലം ഉളവാക്കും. ഹൈക്കോടതിയിൽ പാമോലിൻ കേസിൽ ശ്രീ. ജിജി തോംസന്റെ അപേക്ഷ വന്നപ്പോൾ അദ്ദേഹത്തിന് അനുകൂലമായി ഗവൺമെന്റ് വക്കീൽ ഇടപെട്ടതിനെക്കുറിച്ച് വ്യക്തമാക്കണം. വിജിലൻസ് കോടതി ജഡ്ജിയുടെ ജഡ്ജ്മെന്റ് പരിശോധിച്ചാൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ പാമോലിൻ കേസിൽ വന്നിട്ടുള്ള പുതിയ തെളിവുകൾ എന്തെല്ലാമാണെന്ന് മനസ്സിലാക്കാം. കേസ് അട്ടിമറിക്കാനുള്ള ശ്രമം നടക്കുന്നുണ്ടെങ്കിലും ഈ കേസിൽ നിന്ന് അദ്ദേഹത്തിന് രക്ഷപ്പെടാൻ കഴിയുകയില്ല. ടൈറ്റാനിയം അഴിമതി കേസിന്റെ അന്വേഷണം സി.ബി.ഐ. യ്ക്ക് കൈമാറണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ലാ ആന്റ് ഓർഡർ മെയിന്റെയിൻ ചെയ്യുന്നതിൽ കേരളം ഒന്നാം സ്ഥാനത്തായിരുന്നെങ്കിൽ കഴിഞ്ഞ നാല് മാസംകൊണ്ട് കൊലപാതകങ്ങളും അക്രമങ്ങളും വർദ്ധിച്ചിരിക്കുകയാണ്. ഇത് നിയന്ത്രിക്കാൻ നടപടിയുണ്ടാകണം. പോലീസിനെ കയറൂരി വിട്ടാൽ രാഷ്ട്രീയക്കാർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ സാധിക്കാത്ത സ്ഥിതിവരും. തീവ്രവാദപ്രവർത്തനങ്ങളിലുൾപ്പെടെയുള്ള ഗവൺമെന്റിന്റെ നിലപാടിനെയാണ് പ്രതിപക്ഷം എതിർക്കുന്നത്. സംസ്ഥാനത്തെ ക്രമസമാധാനനില തകർന്നിരിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>) : ചർച്ചയിലുണ്ടായ നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ ഗവൺമെന്റ് ജനമൈത്രി പോലീസ് സംവിധാനം തുടങ്ങിവച്ചെങ്കിലും തസ്തികകൾ അനുവദിച്ചിരുന്നില്ല. ഈ ഗവൺമെന്റ് നൂറ് ദിവസം കൊണ്ട് 740 തസ്തികകൾ സൃഷ്ടിച്ചു. സ്റ്റുഡന്റ്സ് പോലീസിന് കൂടുതൽ ഫെസിലിറ്റീസ് കൊടുക്കാൻ തീരുമാനിച്ചി

ട്ടുണ്ട്. ജനാധിപത്യ വ്യവസ്ഥിതിയിൽ നിയമവാഴ്ചയുടെ പ്രാധാന്യം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് പോലീസിനെക്കൂടി വിശ്വാസത്തിലെടുത്ത് കടമ നിറവേറ്റുന്നതിനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. പൗരസ്വാതന്ത്ര്യത്തിന് തടസ്സം സൃഷ്ടിക്കുന്ന യാതൊന്നും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകില്ല. അക്രമസമരങ്ങളെ നിരുൽസാഹപ്പെടുത്തും. പെട്രോളിന്റെ വിലവർദ്ധനവിനെതിരെയുള്ള പ്രതിഷേധം കേന്ദ്രഗവൺമെന്റിനെ അറിയിക്കുകയും അതിൻമേലുള്ള 405 കോടി രൂപയുടെ അധിക നികുതി വേണ്ടെന്ന് വയ്ക്കുകയും ചെയ്തു. പോലീസിനെ വിശ്വാസത്തിലെടുത്തുകൊണ്ട് മുന്നോട്ടുപോകാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. എസ്.ഐ., എ.എസ്.ഐ., ഹെഡ് കോൺസ്റ്റബിൾ തസ്തികയിലുള്ളവർക്ക് പ്രൊമോഷൻ സാധ്യതയുണ്ടാക്കി. പോലീസുകാർക്ക് ക്യാന്റീൻ സൗകര്യം ഏർപ്പെടുത്താനും ഡോർമിറ്ററിയുടെ നിർമ്മാണം ആരംഭിക്കാനും നടപടികൾ സ്വീകരിച്ചു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ക്വാർട്ടേഴ്സുകളും പോലീസ് സ്റ്റേഷനുകളും സ്ഥാപിക്കും. ഓണത്തിന് സ്പെഷ്യൽ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന പോലീസുകാർക്ക് 500 രൂപ നൽകാൻ തീരുമാനിച്ചു. പോലീസുകാർ ക്രിമിനൽ കുറ്റം ചെയ്താൽ അത് ഗൗരവമായി കാണും. പാലക്കാട്, കാസർഗോഡ് ജില്ലകളിലുള്ള അവിവാഹിതരായ അമ്മമാരുടെ പ്രശ്നങ്ങൾ കണ്ണൂർ ഡി.ഐ.ജി.യുടെ നേതൃത്വത്തിലുള്ള പ്രത്യേക ടീം നേരിട്ടുപോയി അന്വേഷിക്കുകയും നടപടികൾ സ്വീകരിച്ചതോടൊപ്പം അവർക്ക് 1000 രൂപ വീതം പെൻഷൻ നൽകാൻ തീരുമാനിക്കുകയും ചെയ്തു. അവരെ സമൂഹത്തിന്റെ ഭാഗമാക്കാനാണ് ശ്രമിക്കുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തെ പ്രതിരോധിക്കുന്നതിനും സുരക്ഷിത സൗഹൃദകേരളം സൃഷ്ടിക്കുന്നതിനും അതിന്റെ നിയമ

നിർമ്മാണ സംവിധാനങ്ങൾക്ക് രൂപം നൽകുന്നതിനുമായി ശ്രീമതി സുഗത കുമാരിയുടെ അദ്ധ്യക്ഷതയിൽ ഒരു അഞ്ചംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. അഴിമതി തടയുന്നതിന് സഹായകരമായ നിലപാടെടുക്കുന്നവർക്ക് സംരക്ഷണം കൊടുക്കുന്നതിനും അഴിമതിക്കെതിരായിട്ടുള്ള കർശനമായ നിയമനിർമ്മാണം, നയപരമായ കാര്യങ്ങൾ എന്നിവയെക്കുറിച്ച് നിർദ്ദേശിക്കുന്നതിനുമായി 'Whistle Blowers Protection Committee' എന്ന നാലംഗ സമിതിക്ക് രൂപംകൊടുത്തിട്ടുണ്ട്. വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനായി ട്രാഫിക് രംഗത്ത് പുതിയ ആധുനിക ഉപകരണങ്ങളും സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിനും ആവശ്യമായ പോലീസിനെ വിന്യസിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾ യാത്ര ചെയ്യുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കുന്നതിനായി ഡ്രൈവർമാരുടെ പരിചയം, സ്കൂൾ അധികൃതരുടെ ഉത്തരവാദിത്തം, വാഹനത്തിന്റെ കാലപ്പഴക്കം, ഡ്രൈവിംഗ് രീതി തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച വ്യക്തമായ വ്യവസ്ഥകളോടുകൂടി മോട്ടോർ വാഹന ചട്ടങ്ങളിൽ ഭേദഗതി വരുത്തും. വാളകം ആർ.വി.എച്ച്.എസ്.-ലെ അദ്ധ്യാപകന് നേരെ നടന്ന അക്രമം സംബന്ധിച്ച് കൊലപാതക ശ്രമത്തിന് കേസ്സെടുത്ത് കൊട്ടാരക്കര ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സംഘം അന്വേഷിക്കുന്നുണ്ട്. ചങ്ങനാശ്ശേരിയിലെ രാമങ്കരി പ്രദേശത്തുള്ള 6-ാം ക്ലാസ്സിൽ പഠിക്കുന്ന പെൺകുട്ടിയെ പീഡനത്തിന് വിധേയമാക്കിയത് സംബന്ധിച്ചുള്ള പരാതിയിൻമേൽ പ്രതിയുടെ കടയുടെ മുന്നിൽവച്ച് വനിതാ പോലീസിന്റെ സാന്നിദ്ധ്യത്തിലല്ലാതെ കുട്ടിയുടെ മൊഴി എടുത്ത സംഭവത്തെക്കുറിച്ചുള്ള പ്രാഥമിക അന്വേഷണത്തിൽ

എസ്.ഐ.യ്ക്കും എ.എസ്.ഐ.യ്ക്കും വീഴ്ച വന്നിട്ടുണ്ടെന്ന് ബോധ്യപ്പെടുകയും അവരെ കോഴിക്കോടും മലപ്പുറത്തുമായി സ്ഥലം മാറ്റുകയും അച്ചടക്ക നടപടിക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. പീഡനം സംബന്ധിച്ച് കുട്ടിയുടെ പിതാവിന്റെ പരാതി കിട്ടിയ ദിവസം തന്നെ പ്രതിയെ അറസ്റ്റ് ചെയ്തു. ഇക്കാര്യത്തിൽ കുറ്റക്കാരായവരുടെ പേരിൽ നടപടി സ്വീകരിക്കും.

(മുഖ്യമന്ത്രിയുടെ പ്രസ്താവനയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിന് മുമ്പിൽ വരികയും ബഹളംവച്ച് സഭാനടപടികൾ തടസ്സപ്പെടുത്തുകയും അൽപ്പസമയത്തിനുശേഷം പ്രതിപക്ഷം ഒന്നടങ്കം സഭ ബഹിഷ്കരിച്ച് പുറത്തുപോവുകയും ചെയ്തു.)

മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ വായ്പ പട്ടികജാതി വിഭാഗങ്ങൾക്ക് കൊടുക്കുന്നതുപോലെ രണ്ടു ലക്ഷം രൂപയായും അറ്റകുറ്റപ്പ ണികൾക്കുള്ള തുക 25,000/- രൂപയായും മത്സ്യഫെഡ് വഴിയുള്ള പലിശ രഹിത വായ്പ 15,000/- രൂപയായും മത്സ്യത്തൊഴിലാളി അപകട ഇൻഷു റൻസ് 3 ലക്ഷം രൂപയായും വർദ്ധിപ്പിക്കാനാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്. എ.പി.എൽ.-ബി.പി.എൽ. വിവേചനമില്ലാതെ എല്ലാ മൽത്സ്യത്തൊഴിലാളിക ളെയും സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ അംഗങ്ങളാക്കുന്നതോടൊപ്പം ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ നവീകരണത്തിനും ആധുനിക വൽക്കരണത്തിനുമായി 40 കോടി രൂപയുടെ പദ്ധതി പ്രാവർത്തികമാക്കുന്ന തിനും വിദ്യാർത്ഥികളുടെ മെസ് ഫീസ് പട്ടികജാതി വിഭാഗക്കാരുടേതിന് തുല്യമായി 1,300 രൂപയായി വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചു.. തൃശൂരിലെ പൈതൃക മത്സ്യഗ്രാമത്തിന്റെ ഒന്നാംഘട്ടം ഒരു വർഷത്തിനകം പൂർത്തിയാക്കുന്നതാണ്. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ തൊഴിൽവർദ്ധക

സംരംഭത്തിനുവേണ്ടി തൃശൂരിൽ ഒരു കേന്ദ്രീകൃത വിൽപന കേന്ദ്രവും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ വിൽപന കേന്ദ്രങ്ങളും സ്ഥാപിക്കുന്നതാണ്. സംസ്ഥാനത്തെ 11 മത്സ്യഗ്രാമ ങ്ങൾ എല്ലാ സൗകര്യങ്ങളുമുള്ള മാതൃകാ മത്സ്യബന്ധനഗ്രാമങ്ങളായി ഈ വർഷം പ്രഖ്യാപിക്കുകയും അടുത്ത വർഷം ഈ പദ്ധതി മറ്റു ഗ്രാമങ്ങളി ലേക്ക് വ്യാപിപ്പിക്കുകയും ചെയ്യും. ശക്തികുളങ്ങര ഫിഷിംഗ് ഹാർബറിലെ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് ഒരു ഷെൽട്ടർ നിർമ്മിക്കാനും മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ അത്യാധുനിക മത്സ്യക്കൂടുകളുടെ നിർമ്മാണ യൂണിറ്റ് മൽസ്യഫെഡ് മുഖേന ആരംഭിക്കാനും ഉദ്ദേശിക്കുന്നു. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ മാലിന്യ സംസ്ക്കരണ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച ആരോപണത്തിന്മേലുള്ള വിജിലൻസ് അന്വേഷണത്തിൽ കഴമ്പില്ലെന്ന് മന സ്സിലായപ്പോൾ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ഇത്രയും ഗുരുതരമായ പ്രശ്നത്തിൽ യാതൊരു തീരുമാനവും എടുത്തില്ല. സി.ബി.ഐ. അന്വേഷണത്തിൽ തെളിഞ്ഞില്ലെ ങ്കിൽ സി.ബി.ഐ.-യെ സ്വാധീനിച്ചെന്ന് പറയും. പാമോലിൻ കേസ് സംബ ന്ധിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ അഡ്വക്കേറ്റ് പറഞ്ഞതിൽ കൂടുതലൊന്നും ഇന്നലെ ഗവൺമെന്റ് അഡ്വക്കേറ്റ് ഹൈക്കോടതിയിൽ പറഞ്ഞിട്ടില്ല. എൽ. ഡി.എഫ്. ഗവൺമെന്റിന്റെ പ്രോസിക്യൂട്ടർ പറഞ്ഞത് ഈ അന്വേഷണ റിപ്പോർട്ട് സ്വീകരിക്കാമെന്നാണ്. അന്വേഷണത്തെ ബാധിക്കുന്ന തരത്തിൽ ഇടപെടൽ നടത്താൻ ആഗ്രഹിക്കുന്നില്ല. ഒരു പൊതു പ്രവർത്തകൻ അന്വേഷ ണത്തെ എതിർക്കുന്നത് ശരിയല്ല. ഈ ഗവൺമെന്റ് ജനങ്ങളുടെ പ്രതീ

ക്ഷയ്ക്കൊത്ത് മുന്നോട്ടുപോകും. ധനാഭ്യർത്ഥനകൾ പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സഭയിൽ ഹാജരില്ലാത്തതിനാൽ വോട്ടിനിട്ടില്ല)

നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയും മൽസ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 4.25 - ന് പിരിഞ്ഞു)